"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 30-07-2021

## സർക്കുലർ നം 49

സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന വിദേശ തടവുകാരുടെ വിവരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും, സർക്കാരിൽ നിന്നും, പോലീസ് വകുപ്പിൽ നിന്നും ഇടയ്ക്കിടെ ആവശ്യപ്പെടാറുണ്ട്. വകുപ്പ് മേധാവി ഇക്കാര്യം ആവശ്യപ്പെടുന്നത് കൂടാതെ നിയമസഭാ, പാർലമെന്റ് ചോദ്യങ്ങൾ തയ്യാറാക്കുമ്പോഴും പ്രസ്തുത വിവരം ആവശ്യമാണ്. ടി സാഹചര്യങ്ങളിൽ ഇ പ്രിസൺ സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരമാണ് നൽകി വരുന്നത്. ഇ പ്രിസൺ അപ്ഡേഷനിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ അതിനുത്തരവാദി ജയിൽ സ്ഥാപന മേധാവികൾ തന്നെയായിരിക്കും. ആയതിനാൽ വിദേശ തടവുകാരെ ജയിലിൽ പ്രവേശിപ്പിക്കുകയോ, വിടുതൽ ചെയ്യുകയോ ചെയ്യുമ്പോൾ ഉടൻ തന്നെ ടി വിവരം ഇ പ്രിസൺ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്ന് എല്ലാ ജയിൽ സ്ഥാപന മേധാവികളും കർശനമായും ഉറപ്പു വരുത്തേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി. ഓഫ് പ്രിസൺസ്,
ഉത്തര മേഖല/ മദ്ധ്യ മേഖല/ ദക്ഷിണ മേഖല.

HC(G)-18998/2021/PrHQ

9b433a